വരികളും ചിത്രങ്ങളും



# നൂറ്റാണ്ടിന്റെ പ്രകാശം



ഫോട്ടോ : റസാഖ് കോട്ടക്കൽ

## നൂറ്റാണ്ടിന്റെ കർമ്മസാക്ഷി

*'ധീരനായ സ്വാതന്ത്ര്യ സമര യോദ്ധാവ്, നിഷ്കളങ്കത മുഖമുദ്രയാക്കിയ നേതാവ്, മുസ്ലിം സമുദായത്തിന്റെ കുലഗുരുവായി അംഗീകരിക്കപ്പെടാനുള്ള എല്ലാ യോഗ്യതകളുമുള്ള പണ്ഡിതൻ, കേരളത്തിന്റെ പ്രിയങ്കരനായ കാരണവർ, ഇന്ത്യൻ ദേശീയതയുടെ ആവേശകരമായ പ്രതീകം, ഇസ്ലാമിക സംസ്ക്കാരത്തിന്റെ യഥാർഥ പ്രതിപുരുഷൻ എന്നീ നിലകളിലെല്ലാം മൊയ്തു മൗലവി നമ്മുടെ ചരിത്രത്തിലെ അഭിമാനസ്തംഭങ്ങളിലൊന്നാണ്; എക്കാലവും.'*

–പി. പി. ഉമ്മർകോയ–





## 'സാഹിബും മൗലവിയും'

❛ഞാൻ കണ്ട രണ്ട് വലിയ മനുഷ്യരാണ്
അബ്ദുറഹിമാൻ സാഹിബും മൊയ്തു മൗലവി
യും. രണ്ടുപേരും നിർഭയരായിരുന്നു. എതിർപ്പു
കൾക്കുമുമ്പിൽ, അനീതികൾക്കുമുമ്പിൽ
മുൻപിൻ നോട്ടമില്ലാതെ സാഹിബ് എടുത്തുചാ
ടും. നിർഭയത്തിന്റെ കർമ്മാഭിമുഖ്യം അതായിരു
ന്നു സാഹിബിന്റെ മുഖമുദ്ര.❜

–എൻ. പി. മുഹമ്മദ്–

❛അബ്ദുൾ റഹ്മാൻ സാഹിബും മൗലവി സ
ഹിബും ഉറച്ച കോൺഗ്രസുകാരായിരുന്നു. അതേയ
സരത്തിൽ സ്വന്തം സമുദായത്തിനുള്ള പിന്നോക്കാ
സ്ഥ പരിഹരിച്ച് സമുദായത്തെ ദേശീയ മുഖ്യധാരയി
കൊണ്ടുവരാൻ അവർ ആഗ്രഹിച്ചിരുന്നു. അതിനു ത
സ്സം നിൽക്കുന്ന ഒരു വിഭാഗം കോൺഗ്രസ്സുകാരോട് അ
വർക്ക് വിയോജിപ്പുണ്ടായിരുന്നു. അതാണ് അവരെ ഞ
ങ്ങളോട് അടുപ്പിച്ചത്❜

–ഇ. എം. എസ്–

❛പൊതുജീവിതത്തിന്റെ കർക്കശതകളിലൂടെ
സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലൂടെ ജയിലുകളി
ലെ തിക്താനുഭവങ്ങളിലൂടെ, വിശ്വാസങ്ങൾക്കും ആ
ദർശങ്ങൾക്കും വേണ്ടിയുള്ള അഗ്നിപരീക്ഷണങ്ങളിലൂ
ടെ ജീവിതാവശ്യങ്ങളുടെ ഇല്ലായ്മകളിലൂടെ രൂപപ്പെട്ട
താണ് മൊയ്തുമൗലവിയുടെ വ്യക്തിത്വം.❜

–പി. പി. ഉമ്മർകോയ–

## നൂറ്റാണ്ടിന്റെ വിസ്മയം











## അധികാരങ്ങളിൽ നിന്നകലെ

‘നിയമ നിർമ്മാണ സഭയിൽ പോകാൻ മൗലവിക്ക് താൽപ്പര്യമില്ലാതിരുന്നത് അദ്ദേഹത്തിലുള്ള പോരാളിയുടെ വിജയമായിരുന്നു. അടിമുടി പ്രക്ഷോഭകാരിയായിരുന്നു മൗലവി. എപ്പോഴും പ്രക്ഷോഭണത്തിന്റെ ഊടുപാതകൾതേടി അദ്ദേഹം പോകുമായിരുന്നു.’

–എൻ. പി. മുഹമ്മദ്–

## ഫാറൂഖ് കോളേജിനെ ധന്യമാക്കിയ നിമിഷം

‘എന്നോ കഴിഞ്ഞ സ്വാതന്ത്ര്യ സമര യുഗത്തെ ഇന്നത്തെ ആദർശരഹിതമായ രാഷ്ട്രീയ യുഗത്തോട് സംയോജിപ്പിക്കാൻ, നമ്മുടെ ഈ ദുരാവസ്ഥയെ ആവുന്നത്ര പരിഹരിക്കാൻ ഉതകിയ ഒരു ജീവിത പരിമളം അദ്ദേഹം നമുക്ക് ഒരു നൂറ്റാണ്ട് കാലത്തോളം നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ഓർമ്മ ഈ വരുന്ന നൂറ്റാണ്ടുകളിലും നമുക്ക് കെടാതെ ഒരു പ്രകാശ ഗോപുരമായി തീരുമാറാകട്ടെ.’

–ഡോ. സുകുമാർ അഴീക്കോട്–





## നൂറ്റാണ്ടിന്റെ ശബ്ദം



'ഒരു ജനതയുടെ ഭാവിഭാഗധേയം നിർണ്ണയിക്കാനുള്ള ഭാഗ്യം സിദ്ധിക്കുക, സംശുദ്ധമായ പൊതുജീവിതം നയിക്കുക, ഒരു നൂറ്റാണ്ടിലധികം പ്രജ്ഞ നഷ്ടപ്പെടാതെ ജീവിക്കാനുള്ള ഭാഗ്യം ലഭിക്കുക–ഇതിനപ്പുറം ഒരു മഹാഭാഗ്യം ആർക്ക് ലഭിക്കും! ആ മഹാഭാഗ്യവാനാണ് മൊയ്തു മൗലവി സാഹിബ്.'

–എം. എം. ഹസ്സൻ–

'പല ഘട്ടങ്ങളിലും മരണത്തെക്കൂടി വെല്ലുവിളിച്ച് ഈ അതികായൻ ജീവിച്ചു. ആത്മാർത്ഥതയും ധീരതയും സത്യസന്ധതയും ലളിത ജീവിതവും ആ മഹദ്ജീവിതത്തിന്റെ മുഖമുദ്രകളായിരുന്നു. അന്ത്യംവരെയും ഗൗരവമുറ്റ ശബ്ദത്തിന് ഓർമ്മ ശക്തി കോട്ടംതട്ടിച്ചിരുന്നില്ല. ശരീരം ക്ഷീണിച്ചിരുന്നുവെങ്കിലും മനസ്സിന്റെ യൗവനം മരണംവരെ നിലനിർത്തിയിരുന്നു.'

–എം. പി. വീരേന്ദ്രകുമാർ–

## നൂറ്റാണ്ടിന്റെ അസ്തമയം

